പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1306

7.06.2018-ൽ മറുപടിക്ക്

**കരമന-കളിയിക്കാവിള പാത വികസനം**

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി : | | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കരമന-കളിയിക്കാവിള പാത നാലുവരി യായി വികസിപ്പിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടം മുതൽ റോഡിന് വീതി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) എങ്കിൽ ആയതിനായി എന്തെങ്കിലും നിർദ്ദേശം സർക്കാരിന് മുന്നിലുണ്ടോ; അത് നടപ്പാക്കാൻ ആലോചന യുണ്ടോ; വിശദാംശം നൽകുമോ;<br><br>(സി) ഈ റോഡിന്റെ വീതി 45 മീറ്ററാക്കി വർദ്ധിപ്പിക്കുന്നതുമൂലം പ്രസ്തുത റോഡ് വാഹനഗതാഗതത്തിന് പൂർണ്ണമായും സജ്ജമാകുമെന്നതിന് പുറമേ പ്രസ്തുത റോഡിന് കേന്ദ്രഗവൺമെന്റിൽ നിന്ന് ഏതെങ്കിലും വിധത്തിലുള്ള സഹായം ലഭ്യമാകാനുമിടയുണ്ടെന്ന് കരുതു ന്നുണ്ടോ;<br><br>(ഡി) എങ്കിൽ ഇതു സംബന്ധമായ നിലപാട് അറിയിക്കുമോ? | (എ) & (ബി) & (സി) & (ഡി) | കരമന-കളിയിക്കാവിള ദേശീയപാതയുടെ വികസനത്തിന്റെ രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം 30.2 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് പൊതുമരാമത്ത് പി.പി.യു വിഭാഗം തയ്യാറാക്കിയ അലൈൻമെന്റ് പ്ലാൻ സാദ്ധ്യതാ പഠനത്തിനും അനുമതിയ്ക്കുമായി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അലൈൻമെന്റിൽ ആവശ്യമായ ഭേദഗതി വരുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ദേശീയ പാത 47 ന്റെ (പുതിയ എൻ.എച്ച് 66) കഴക്കൂട്ടം മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം കഴക്കൂട്ടം - കാരോട് ബൈപ്പാസിന്റെ പൂർത്തീകരണത്തോടെ പ്രസ്തുത ദേശീയ പാതയിൽ നിന്നും വേർപെടാനുള്ള സാധ്യത ഉള്ളതിനാൽ നിലവിലെ ദേശീയപാതയുടെ ഈ ഭാഗത്തെ നാലുവരിപ്പാതയായുള്ള വികസനത്തിനും സ്ഥലമെടുപ്പിനും കേന്ദ്ര ഫണ്ട് ലഭിക്കാൻ സാധ്യതയില്ല. ഈ സാഹചര്യം കണക്കിലെടുത്താണ് ട്രാഫിക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ 30.2 മീറ്റർ വീതിയിൽ പൊതുമരാമത്ത് പി.പി.യു വിഭാഗം ഈ ഭാഗത്തെ വികസനത്തിന് അലൈൻമെന്റ് തയ്യാറാക്കിയിരി ക്കുന്നത്. |

S. Bindu

സെക്ഷൻ ഓഫീസർ